**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2100** **09-12-2022 - ൽ മറുപടിയ്ക്ക്**

**ഈരാറ്റുപേട്ട ഡിപ്പോയിലെ നിർത്തലാക്കിയ സർവ്വീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ് നിയന്ത്രണങ്ങളുടെ ഭാഗമായി ഈരാറ്റുപേട്ട കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിർത്തലാക്കിയിരുന്ന ഏതെല്ലാം സർവ്വീസുകളാണ് നിയന്ത്രണങ്ങൾ അവസാനിച്ച ശേഷവും പുനരാരംഭിക്കാൻ കഴിയാത്തതെന്ന് വ്യക്തമാക്കുമോ; | (എ) | കോവിഡ് മഹാമാരിയ്ക്ക് മുമ്പ് ഈരാറ്റുപേട്ട യൂണിറ്റിൽ നിന്നും സർവ്വീസ് നടത്തിയിരുന്നതിൽ വരുമാനം കുറവ് ഉണ്ടായിരുന്ന 2 ഓർഡിനറി സർവ്വീസുകൾ പൂർണ്ണമായും പുനരാരംഭിച്ചിട്ടില്ല.<br><br>എന്നാൽ കോവിഡ് കാലത്തിന് മുമ്പ് നടത്തിയിരുന്ന സർവ്വീസുകളിലെ എല്ലാ പ്രധാന ട്രിപ്പുകളും യാത്രക്കാരുടെ ആവശ്യപ്രകാരം പുനഃക്രമീകരിച്ച് നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ പ്രവർത്തന ചെലവ് പോലും ലഭിക്കാത്ത സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് കഴിയാത്തതിനാൽ അത്തരം സർവ്വീസുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി ഓപ്പറേറ്റ് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഡീസൽ തുക മാത്രം ലഭ്യമാക്കിയാൽ എത്രയും വേഗം ഇത്തരം സർവ്വീസുകൾ ആരംഭിക്കുവാൻ കഴിയുന്നതാണ്. |
| (ബി) | പ്രസ്തുത സർവീസുകൾ പുനരാരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) | കോവിഡ് മഹാമാരിയ്ക്ക് മുമ്പ് ഈരാറ്റുപേട്ട യൂണിറ്റിൽ നിന്നും സർവ്വീസ് നടത്തിയിരുന്നതിൽ വരുമാനം കുറവ് ഉണ്ടായിരുന്ന 2 ഓർഡിനറി സർവ്വീസുകൾ പൂർണ്ണമായും പുനരാരംഭിച്ചിട്ടില്ല.<br><br>എന്നാൽ കോവിഡ് കാലത്തിന് മുമ്പ് നടത്തിയിരുന്ന സർവ്വീസുകളിലെ എല്ലാ പ്രധാന ട്രിപ്പുകളും യാത്രക്കാരുടെ ആവശ്യപ്രകാരം പുനഃക്രമീകരിച്ച് നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ പ്രവർത്തന ചെലവ് പോലും ലഭിക്കാത്ത സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് കഴിയാത്തതിനാൽ അത്തരം സർവ്വീസുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി ഓപ്പറേറ്റ് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഡീസൽ തുക മാത്രം ലഭ്യമാക്കിയാൽ എത്രയും വേഗം ഇത്തരം സർവ്വീസുകൾ ആരംഭിക്കുവാൻ കഴിയുന്നതാണ്. |
| (സി) | ലാഭത്തിൽ നടത്തിയിരുന്ന പ്രസ്തുത സർവ്വീസുകൾ മണ്ഡലത്തിലെ ജനങ്ങളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിനുവേണ്ടി അടിയന്തരമായി പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (സി) | കോവിഡ് മഹാമാരിയ്ക്ക് മുമ്പ് ഈരാറ്റുപേട്ട യൂണിറ്റിൽ നിന്നും സർവ്വീസ് നടത്തിയിരുന്നതിൽ വരുമാനം കുറവ് ഉണ്ടായിരുന്ന 2 ഓർഡിനറി സർവ്വീസുകൾ പൂർണ്ണമായും പുനരാരംഭിച്ചിട്ടില്ല.<br><br>എന്നാൽ കോവിഡ് കാലത്തിന് മുമ്പ് നടത്തിയിരുന്ന സർവ്വീസുകളിലെ എല്ലാ പ്രധാന ട്രിപ്പുകളും യാത്രക്കാരുടെ ആവശ്യപ്രകാരം പുനഃക്രമീകരിച്ച് നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ പ്രവർത്തന ചെലവ് പോലും ലഭിക്കാത്ത സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് കഴിയാത്തതിനാൽ അത്തരം സർവ്വീസുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി ഓപ്പറേറ്റ് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഡീസൽ തുക മാത്രം ലഭ്യമാക്കിയാൽ എത്രയും വേഗം ഇത്തരം സർവ്വീസുകൾ ആരംഭിക്കുവാൻ കഴിയുന്നതാണ്. |
| (ഡി) | സമീപ പ്രദേശങ്ങളിലെ ഡിപ്പോകളിൽനിന്നും ആരംഭിക്കുന്ന പ്രധാനപ്പെട്ട ദീർഘദൂര സർവീസുകൾ ഈരാറ്റുപേട്ട ഡിപ്പോയിലേക്ക് നീട്ടി റൂട്ട് പുന:ക്രമീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | കൃത്യമായ സമയക്രമവും ഇടവേളയും നിശ്ചയിച്ച് യാത്രക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട യാത്രാസൗകര്യം ഒരുക്കുന്നതിന് ദേശസാൽകൃത റൂട്ടിൽ അടക്കം കെ.എസ്.ആർ.ടി.സി. സൂപ്പർ ക്ലാസ് സർവ്വീസുകളും ദീർഘദൂര സർവ്വീസുകളും ക്രമീകരിച്ച് ഓപ്പറേറ്റ് ചെയ്ത് വരികയാണ്.<br><br>ടി സാഹചര്യത്തിൽ സമീപ യൂണിറ്റിൽ നിന്നും നിലവിലെ ദീർഘദൂര സർവ്വീസുകൾ ഈരാറ്റുപേട്ട ഡിപ്പോയിലേയ്ക്ക് നീട്ടി സർവ്വീസ് ക്രമീകരിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കുവാൻ നിർവ്വാഹമില്ല. എന്നാൽ സർവ്വീസ് പുനഃക്രമീകരണത്തിന്റെ ഭാഗമായി പുനലൂർ - പത്തനംതിട്ട - ഈരാറ്റുപേട്ട - |

| | | | |
|---|---|---|---|
| | | | തൊടുപുഴ - മൂവാറ്റുപുഴ റൂട്ടിലൂടെയുള്ള പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായി ഈരാറ്റുപേട്ട ഡിപ്പോയിലൂടെ കൂടുതൽ ദീർഘദൂര സർവ്വീസുകൾ കടന്നുപോകുന്നതിനുള്ള ക്രമീകരണങ്ങൾ പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ